## റിപ്പോർട്ടുകളുടെ സമർപ്പണം

1. സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാ പ്രശ്നങ്ങൾ /രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകൾ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സംസ്ഥാനത്തെ വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഗ്രേഡിംഗ് നൽകുന്നത് സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ/പാർപ്പിട/സുരക്ഷാപ്രശ്നങ്ങൾ/ രജിസ്ട്രേഷൻ എന്നീ വിഷയങ്ങൾ സംബന്ധിച്ചുമുള്ള സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി (ശ്രീ. കെ. സുരേഷ് കുറുപ്പ്): സർ, സർഫാസി ആക്ട് പ്രകാരമുള്ള നടപടികൾമൂലം സംസ്ഥാനത്തുളവായിട്ടുള്ള അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായുള്ള അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സമിതി അംഗമായ ഞാൻ

സമർപ്പിക്കുന്നു.

3. <u>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാല്പത്തിരണ്ട് മുതൽ നാല്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ</u>

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാല്പത്തിരണ്ട് മുതൽ നാല്പത്തിയേഴ് വരെയുള്ള റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>:റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.